7. മരകടവ് സ്റ്റേജ്-1 സ്കീം
8. പെരിക്കല്ലൂർ സ്റ്റേജ്-1 സ്കീം
9. ചെറിയമല സ്റ്റേജ്-1 സ്കീം
10. നടുവാടി സ്റ്റേജ്-1 സ്കീം
11. കല്ലടൂർപുഴ സ്റ്റേജ്-1 സ്കീം

ഈ പദ്ധതികൾ പൂർണ്ണമായി പ്രവർത്തിക്കുന്നു.

1. കൊയിലേരി എൽ.ഐ. സ്കീം
2. മലങ്കര എൽ.ഐ. സ്കീം
3. പായോട് (നോർത്തും സൗത്തും) എൽ.ഐ. സ്കീം
4. പാക്കം എൽ.ഐ. സ്കീം
5. താളൂർ എൽ.ഐ. സ്കീം

എന്നീ പദ്ധതികൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

1. കൊളവള്ളി എൽ.ഐ. സ്കീം സ്റ്റേജ്-2
2. കോട്ടക്കുന്ന് എൽ.ഐ. സ്കീം സ്റ്റേജ്-2

എന്നീ പദ്ധതികൾ ഭാഗികമായി കമ്മീഷൻ ചെയ്തിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

കാരാപ്പുഴ ജലസേചന പദ്ധതി

50 (2328) ശ്രീ. എൻ. ഡി. അപ്പച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരാപ്പുഴ ജലസേചന പദ്ധതിയുടെ പണിയാരംഭിച്ചിട്ട് എത്രകാലമായി ;

(ബി) ഇതിന്റെ പണി പൂർത്തിയാക്കി എന്നേക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ പദ്ധതിക്കുവേണ്ടി ഒഴിപ്പിക്കപ്പെടേണ്ട പട്ടികവർഗ്ഗക്കാരെ പുനരധിവസിപ്പിക്കുവാനുള്ള പരിപാടിക്ക് രൂപം നൽകിയോ ;

(ഡി) എങ്കിൽ അത് നടപ്പിലാക്കിയോ ; ഈ പരിപാടിയുടെ വിശദാംശം നൽകുമോ ;

(ഇ) ജലദൗർലഭ്യം അനുഭവിക്കുന്ന വയനാട് ജില്ലയിൽ ഈ പദ്ധതി കമ്മീഷൻ ചെയ്യുന്നതോടുകൂടി കിണറുകളിൽ സമൃദ്ധമായി ജലം ലഭിക്കുമോ ;

(എഫ്) എങ്കിൽ എത്രയുംവേഗം ആ പദ്ധതി കമ്മീഷൻ ചെയ്യാൻ നടപടി എടുക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) ഈ പദ്ധതിക്കാവശ്യമായ സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയായോ ;

(എച്ച്) അത് സ്ഥലമെടുപ്പ് നിയമത്തിലെ വ്യവസ്ഥ അനുസരിച്ചാണോ എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കാരാപ്പുഴ ജലസേചന പദ്ധതിയുടെ പണിയാരംഭിച്ചിട്ട് 26 വർഷമായി.

(ബി) 2004 ഡിസംബറിൽ ഭാഗീകമായും 2005 ഡിസംബറിൽ പൂർണ്ണമായും കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) ഈ പദ്ധതിക്കുവേണ്ടി ഇനി പട്ടികവർഗ്ഗക്കാരെ ഒഴിപ്പിക്കേണ്ടി വരില്ല. ഒഴിപ്പിക്കപ്പെട്ടവരെ പുനരധിവസിപ്പിക്കുവാനുള്ള പരിപാടിക്ക് രൂപം നൽകിയിട്ടുണ്ട്.

(ഡി) ഒഴിപ്പിക്കപ്പെട്ട പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 70 സെന്റ് സ്ഥലവും വീടും നൽകി പുനരധിവസിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇതിനുള്ള വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. നൽകേണ്ട സ്ഥലത്തിന്റെ സർവേ ജോലികൾ പുരോഗമിച്ചുവരുന്നു.

(ഇ) ഈ പദ്ധതി കമ്മീഷൻ ചെയ്യുന്നതോടുകൂടി പദ്ധതിപ്രദേശത്തും കനാൽ കടന്നുപോകുന്ന സ്ഥലങ്ങളിലുമുള്ള കിണറുകളിൽ സമൃദ്ധമായി ജലം ലഭിക്കുമെന്നാണ് പ്രതീക്ഷ.

(എഫ്) ഈ പദ്ധതി 2005 ഡിസംബറിൽ പൂർണ്ണായി കമ്മീഷൻ ചെയ്യാൻ ലക്ഷ്യമിട്ട് നടപടി എടുത്തുവരുന്നു.

(ജി) ഈ പദ്ധതിയുടെ ബ്രാഞ്ചുകനാലിനും ഡിസ്ട്രിബ്യൂട്ടറി കനാലിനുമുള്ള സ്ഥലമെടുപ്പ് പൂർത്തിയാക്കാനുണ്ട്.

(എച്ച്) അതെ.

മണ്ണാർക്കാട്-കുന്തിപ്പുഴ ജലസേചന പദ്ധതി

51 (2329) ശ്രീ. കളത്തിൽ അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണ്ണാർക്കാട്-കുന്തിപ്പുഴ ജലസേചന പദ്ധതി കൈതച്ചിറക്ക് മുകളിൽ നടപ്പാക്കി കുമരംപുത്തൂർ, മണ്ണാർക്കാട് പഞ്ചായത്തുകളിലെ ജലക്ഷാമം പരിഹരിക്കാനും നെൽകൃഷി മെച്ചപ്പെടുത്താനും നടപടി സ്വീകരിക്കുമോ ;

(ബി) എങ്കിൽ ഇതു എന്നത്തേക്ക് നടപ്പിലാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly